## ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ

**108 (2164)**ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളുടെ സെക്രട്ടറിമാരായി എല്ലായിടത്തും ഐ.എ.എസ് കാരെയാണോ നിയമിച്ചിട്ടുള്ളത്;

(ബി) ഈ ജോലി ചെയ്യാൻ ഐ.എ.എസ് കാർ പൊതുവേ വിമുഖത കാണിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിന് അവർ പറയുന്ന കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

## പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തമ്മിലുള്ള തർക്കം

**109 (2165)**ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് മുനിസിപ്പൽ, കോർപ്പറേഷൻ ഉദ്യോഗസ്ഥരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തമ്മിൽ കയ്യേറ്റമോ, വാക്കു തർക്കമോ നടന്ന എത്ര സംഭവങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾക്ക് കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പുതല അച്ചടക്ക നടപടി എത്ര പേർക്ക് എതിരെ എടുത്തു വെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി)&(സി) ബാധകമല്ല.

## തിരുവനന്തപുരം വികസന അതോറിറ്റിയുടെ പദ്ധതികൾ

**110 (2167)**ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly